**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5438** **15-03-2023 - ൽ മറുപടിയ്ക്ക്**

**കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 5 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ നിന്നും ശ്രവണ വൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ വൈകല്യം മാറ്റിയെടുക്കുന്ന പദ്ധതിയാണ് ശ്രുതിതരംഗം. തിരഞ്ഞെടുത്ത സർക്കാർ/സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. അഞ്ച് വയസ്സുവരെ പ്രായപരിധിയിലുള്ള കുട്ടികളായിരിക്കണം.<br><br>2. കുടുംബവാർഷിക വരുമാനം 2 ലക്ഷം രൂപ വരെയുള്ള കുടുംബങ്ങളിലെ കുട്ടികളായിരിക്കണം<br><br>3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.<br><br>4. കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി ചെയ്താൽ പ്രയോജനമുണ്ടെന്ന് സ്പെഷ്യലൈസ്ഡ് ഡോക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം.<br><br>5. സ്ഥിരമായി സ്പീച്ച് തെറാപ്പി നടത്തുവാൻ സന്നദ്ധരായ കുടുംബങ്ങളായിരിക്കണം.<br><br>6. നിശ്ചിത ഫോറത്തിലുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം, കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം. ആയത് പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ച് പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. |
| (ബി) | അഞ്ച് വയസ്സിന് മുകളിലുള്ള കുട്ടികൾക്കും മുതിർന്നവർക്കും ശ്രവണ സഹായികൾ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ 5 വയസ്സിനു മുകളിൽ പ്രായമുള്ള കേൾവി ശക്തിക്ക് തകരാർ സംഭവിക്കുകയും കോക്ലിയാർ ഇംപ്ലാന്റേഷന് ആവശ്യമായവരുമായ നിർദ്ധനരായ രോഗികൾക്ക് കോക്ലിയാർ ഇംപ്ലാന്റ് സർക്കാർ |

| | | | |
|---|---|---|---|
| | | | നിരക്കിൽ വി-കെയർ പദ്ധതി വഴി വാങ്ങാനുള്ള ധനസഹായം അനുവദിക്കുന്നുണ്ട്.<br><br>5 വയസ്സിന് മുകളിലുള്ള കുട്ടികൾക്കും മുതിർന്നവർക്കും കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന ശ്രവണ സഹായികൾ സൗജന്യമായി വിതരണം ചെയ്തു വരുന്നു.<br><br>കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ADIP പദ്ധതി വഴി 5 വയസ്സിനു മുകളിലുള്ള ശ്രവണ പരിമിതിയുള്ള കുട്ടികൾക്കും അംഗപരിമിതർക്കും ശ്രവണ സഹായികൾ നിഷ് മുഖേന സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ